## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3061

18.10.2016 - ൽ മറുപടിയ്ക്ക്

### കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ അനിൽ അക്കര<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം ( 50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br>6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>7. ഉത്പ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.<br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.<br>12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഇതുകൂടാതെ കയർ വ്യവസായത്തേയും, തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുന:സംഘടനാ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. വിലസ്ഥിരതാഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. 2016 ലെ ബജറ്റ് പ്രസംഗത്തിൽ കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലും കയർപിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ കൂടി പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുളളത്. |
| ബി) കയർ മേഖലയിൽ ആധുനികവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | ബി) ആധുനിക യന്ത്രവൽക്കരണത്തിനുളള എല്ലാ നിയന്ത്രണങ്ങളും നീക്കി പ്രോത്സാഹിപ്പിക്കും. തൊണ്ട് സംഭരണത്തിന് പിന്തുണ നൽകും. ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50% സബ്സിഡി നൽകും. ഉൽപ്പന്നമേഖലയിലെ യന്ത്രവത്കൃത ഫാക്ടറികൾക്ക് കയർബോർഡ് സബ്സിഡിക്കുപുറമെ 10% അധിക സബ്സിഡി നൽകും. ആലപ്പുഴ ജില്ലയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ ബോർഡുകളാക്കുന്ന സംയുക്ത സംരംഭം തുടങ്ങും. മലിനജല ശുദ്ധീകരണ പദ്ധതി നടപ്പിലാക്കും. നിർജ്ജീവമായ സംഘങ്ങളെ അമാൽഗമേറ്റ് ചെയ്യുന്നതിനും പുനരുദ്ധരിക്കാൻ കഴിയുന്നവയെ അപ്രകാരം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ഉത്പ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ തൊഴിലാളികൾക്ക് പരിശീലനം നൽകും. |
| സി) പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കാത്ത തരത്തിൽ പുതിയ നയം എപ്രകാരം നടപ്പിലാക്കാനാണ് | സി)പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ |

| | |
|---|---|
| ഉദ്ദേശിക്കുന്നത്; | വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പു വരുത്തും. ഇതിനായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴവനും കയർകോർപ്പറേഷൻ അംഗീകൃത വിലക്ക് സംഭരിക്കും. റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. ഇതിനുവേണ്ടി 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചിട്ടു ണ്ട്. |
| ഡി) കയർ സംഘങ്ങളുടെ പുന:സംഘടനയ്ക്ക് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള അധിക തുക എവിടെനിന്നും കണ്ടെത്തുവാനാണ് ആലോചിക്കുന്നത്; ഇതിനകം എന്തെങ്കിലും തുക ലഭ്യമായിട്ടുണ്ടോ? | ഡി)സംഘങ്ങളുടെ പുന:സംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിക്കും 15 കോടി രൂപ 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപി ച്ചിട്ടുണ്ട്. പുന:സംഘടനയക്ക് വേണ്ട അധിക തുക എൻ.സി.ഡി.സി.യിൽ നിന്നും ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ